സ്വീകരിക്കുന്നുണ്ട്, കൂടാതെ മ്യൂച്ചൽ ബനിഫിറ്റ് ഫണ്ട് മുതലായ നിക്ഷേപ പദ്ധതിയും സ്വർണ്ണപ്പണയ വായ്പ പദ്ധതിയും സഹകരണ സംഘം രജിസ്ട്രാറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കി പ്രവർത്തനം മെച്ചപ്പെടുത്തി നഷ്ടം നികത്തുക. ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പ്രൈമറി ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സർക്കാർ ഓഹരി മൂലധനവും അനുവദിച്ച് നല്കുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

നിലവിലിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

146 [3036] ശ്രീ. ടി. വി. ചന്ദ്രമോഹൻ :
,, കെ. അച്ചുതൻ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിലവിലിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സ്വീകരിച്ച വായ്പക്കാർക്ക് എത്ര തുകയുടെ ലാഭമുണ്ടായി;

(ബി) ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഒരു നിശ്ചിത കാലത്തേക്ക് നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സ്വീകരിച്ച വായ്പക്കാർക്ക് 30-11-2004 വരെ പിഴപ്പലിശ ഇനത്തിൽ 70.00 ലക്ഷം രൂപയുടെയും പലിശ വ്യത്യാസം ഇനത്തിൽ 71.25 ലക്ഷം രൂപയുടെയും മറ്റിനത്തിൽ 1.84 ലക്ഷം രൂപയുടെയും (ആകെ 143.09 ലക്ഷം രൂപ) ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

മദ്ധ്യകാല വായ്പകളാക്കി മാറ്റിയ ഹ്രസ്വകാല വായ്പകൾ

147 [3037] ശ്രീ. എ. സുജനപാൽ :
പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഫലമായി 2004-ൽ സഹകരണ സംഘങ്ങൾ വഴിയുള്ള എത്ര ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റി;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വായ്പകളിൽ ഉൾക്കൊണ്ടിട്ടുള്ള തുകയെത്രയാണ്;

(സി) പ്രസ്തുത കാലയളവിൽ എത്ര പേർക്ക് സഹകരണമേഖലയിൽ പുനർ വായ്പ നൽകി;

(ഡി) പുനർവായ്പയുടെ പലിശ നിരക്കെത്രയാണ്, ഈ പുനർവായ്പകളെ സംബന്ധിക്കുന്ന ഒറിജിനൽ വായ്പകളുടെ പലിശ നിരക്കെത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വരൾച്ചമൂലം ദുരിതം അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾ 2003-2004 വർഷത്തിൽ തിരിച്ചടയ്ക്കേണ്ടിയിരുന്നത് തിരിച്ചടയ്ക്കേണ്ട തീയതി മുതൽ മദ്ധ്യകാല വായ്പകളാക്കി മാറ്റുവാൻ സഹകരണ സംഘം രജിസ്ട്രാർ 15-4-2004-ൽ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 31-12-2004 വരെ സഹകരണ സംഘങ്ങൾ വഴി 66324 ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) 31-12-2004 വരെ സഹകരണ സംഘങ്ങൾ വഴി 9593.72 ലക്ഷം രൂപയുടെ ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റിയിട്ടുണ്ട്.

(സി) 31-12-2004 വരെ 20855 പേർക്ക് സഹകരണ സംഘങ്ങൾ വഴി പുനർ വായ്പ നൽകിയിട്ടുണ്ട്.

(ഡി) വരൾച്ച ബാധിത പ്രദേശങ്ങളിലെ കൃഷിക്കാർക്ക് നൽകിയ പുനർ വായ്പകൾക്ക് 8.5% പലിശ നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.

പുനർ വായ്പ നൽകിയ കർഷകർ കാർഷികാവശ്യങ്ങൾക്ക് എടുത്ത മുൻ വായ്പകൾക്ക് 22-2-2003 മുതൽ 10.5%-ഉം ടി തീയതിക്കു മുമ്പ് എടുത്ത വായ്പകളിൽ 50,000 രൂപ വരെയുള്ള വായ്പകൾക്ക് 11%-ഉം 50,000 രൂപയ്ക്കും 2 ലക്ഷത്തിനും ഇടയിൽ 12.5%-ഉം പലിശയായി ഈടാക്കിയിരുന്നു.

സഹകരണ സംഘങ്ങളിലെ വായ്പയുടെ പലിശ

148 [3038] ശ്രീ. ജോർജ് ജെ. മാത്യു :
,, സി. പി. മുഹമ്മദ് :
,, കെ. മോഹൻകുമാർ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ നൽകുന്ന വായ്പകളുടെ പലിശ കുറയ്ക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly